# സ്വാതന്ത്ര്യ ദിനം : ലഘുകുറിപ്പ്

അധിനിവേശത്തിന്റെ ചങ്ങല പൊട്ടിച്ചെറിഞ്ഞ് ഇന്ത്യ സ്വാതന്ത്ര്യത്തിന്റെ അനന്ത വിഹായുസ്സിലേക്ക് പറന്നുയർന്നതിന്റെ 75-ാം അമൃത മഹോത്സവം ആഗസ്റ്റ് 10 മുതൽ 15 വരെ നീണ്ടു നിന്ന പരിപാടികളോടെ ആഘോഷിച്ചു. ആഗസ്റ്റ് 10 സ്വാതന്ത്ര്യത്തിന്റെ കയ്യൊപ്പ് ചാർത്തൽ, പതാക നിർമ്മാണം എന്നീ പ്രവർത്തനങ്ങളും ആഗസ്റ്റ് 11 പി. ടി. എ, എം. പി. ടി. എ ചേർന്ന് ഹെഡ്മിസ്ട്രസ് റവ. സി. റെനി മരിയുയടെ നേതൃത്വത്തിൽ സ്കൂൾ മുറ്റത്ത് ഗാന്ധി മരം നടൽ, ക്വിസ് മത്സരം എന്നിവ നടത്തപ്പെട്ടു. ആഗസ്റ്റ് 12-ാം തിയതി അസംബ്ലിയിൽ ഭരണ ഘടന ആമുഖ വായന, ഇംഗ്ലീഷ്, മലയാളം പ്രസംഗ മത്സരം, ദേശഭക്തി ഗാന മത്സരം എന്നിവ സംഘടിപ്പിക്കപ്പെട്ടു. ആഗസ്റ്റ് 13, 14 തീയതികളിൽ ചുമർ പത്രിക നിർമ്മാണം, വീടുകളിൽ പതാക വന്ദനം, പതിപ്പ് നിർമാണം എന്നിവ നടത്തി. ആഗസ്റ്റ് 15 ന് ബാൻഡ്സെറ്റ് അകമ്പടിയോടെ 9.30 ന് ഹെഡ്മിസ്ട്രസ് റവ. സി. റെനി മരിയ ദേശീയ പതാക ഉയർത്തി. ചേർപ്പ് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സുജിഷ കള്ളിയത്ത് ഭദ്ര ദീപം തെളിയിച്ചുകൊണ്ട് സ്വതന്ത്ര ദിനാഘോഷ പരിപാടികളുടെ പൊതുയോഗം ഉത്ഘാടനം ചെയ്തു. പി. ടി. എ പ്രസിഡന്റ് ശ്രീ. ബിജു ടി. വി, എം. പി. ടി. എ പ്രസിഡന്റ് ശ്രീമതി. റെനി ജെയ്സൺ തുടങ്ങിയവർ സ്വതന്ത്ര ദിന ആശംസകൾ നേർന്നു. ഫാൻസി ഡ്രസ്സ്, കരാട്ടെ പ്രകടനം, ഇംഗ്ലീഷ്, മലയാളം പ്രസംഗം, റാലി, ദേശഭക്തിഗാനം എന്നിങ്ങനെ വൈവിധ്യമാർന്ന പ്രവത്തനങ്ങളോടെ 75-ാം സ്വാതന്ത്ര്യദിനാഘോഷം ഗംഭീരമായി ആഘോഷിച്ചു.